"ഭരണഭാഷ– മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് – 'നമ്മൾ നമുക്കായി' – തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ 2020 –21 ലെ വാർഷിക പദ്ധതിക്കൊപ്പം ദുരന്ത നിവാരണ പദ്ധതി തയ്യാറാക്കുന്നതിനുള്ള പ്രവർത്തന മാർഗ്ഗരേഖ – അംഗീകാരം – ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡിഎ) വകുപ്പ്**

**സ.ഉ.(കൈ) നം.19/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 23/01/2020

---

പരാമർശം:- 1 29/01/2018 –ലെ സ.ഉ.(കൈ) നം.11/2018/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ്

2 02/02/2018 –ലെ സ.ഉ.(കൈ) നം.17/2018/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ്

3 04/12/2019 –ലെ സ.ഉ.(കൈ) നം.156/2019 / ത.സ്വ.ഭ.വ. നമ്പർ ഉത്തരവ്

4 05/12/2019 –ലെ സ.ഉ.(കൈ) നം.157/2019 / ത.സ്വ.ഭ.വ. നമ്പർ ഉത്തരവ്

5 06/01/2020 –ലെ സ.ഉ.(കൈ) നം.9/2020 / ത.സ്വ.ഭ.വ. നമ്പർ ഉത്തരവ്

6 14/01/2020 –ലെ സ.ഉ.(കൈ) നം.14/2020 / ത.സ്വ.ഭ.വ. നമ്പർ ഉത്തരവ്

**ഉത്തരവ്**

പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലത്ത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വാർഷിക പദ്ധതികൾ ഉണ്ടാക്കുന്നതിനവലംബിക്കേണ്ട പ്രവർത്തനങ്ങളെ സംബന്ധിച്ച മാർഗ്ഗരേഖ സൂചന (1), (2) പ്രകാരം പുറപ്പെടുവിച്ചിരുന്നു . കൂടാതെ തദ്ദേശ സ്ഥാപനങ്ങൾ 2020 – 21 ലെ വാർഷിക പദ്ധതി തയ്യാറാക്കി അംഗീകാരം നേടുന്നതിനുള്ള അധിക മാർഗ്ഗ നിർദ്ദേശങ്ങളും സമയക്രമവും നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്. കാലാവസ്ഥാ വ്യതിയാനത്തിന്റെ പ്രകടിത രൂപങ്ങളായി സമീപകാലത്ത് അനുഭവപ്പെടുന്ന വരൾച്ച, പ്രളയം, ഉരുൾപ്പൊട്ടലുകൾ, ചുഴലിക്കാറ്റ് എന്നിവയെ അതിജീവിക്കുന്നതിനും, ദുരന്തമുഖത്ത് പകച്ചു നിൽക്കാതെ ഇടപെടുന്നതിനും സാധിക്കുന്ന തരത്തിൽ ഓരോ തദ്ദേശ സ്വയം ഭരണ സ്ഥാപനവും ദുരന്ത നിവാരണ പദ്ധതി തയ്യാറാക്കേണ്ടതും പ്രസ്തുത പദ്ധതിയിൽ ദുരന്ത പ്രതിരോധത്തിനുള്ള തയ്യാറെടുപ്പുകൾ, ലഘൂകരണ പ്രവൃത്തികൾ എന്നിവ

ഉൾപ്പെടുത്തേണ്ടതുമാണെന്ന് സൂചന (3) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. 2020 – 21 വർഷത്തേക്കുള്ള വികസന പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനൊപ്പം തന്നെ ഗ്രാമ പഞ്ചായത്ത്, മുൻസിപ്പാലിറ്റി, കോർപറേഷൻ തലങ്ങളിൽ ദുരന്ത മാനേജ്മെന്റ് പ്ലാനുകൾ തയ്യാറാക്കുന്നതിനും, ഗ്രാമസഭ/വാർഡ് സഭാ യോഗങ്ങളിൽ ചർച്ചയ്ക്ക് വിധേയമാക്കുന്നതിനും, തുടർന്ന് ദുരന്ത നിവാരണ രേഖ അന്തിമാമാക്കുന്നതിനായി വാർഷിക പദ്ധതി വികസന സെമിനാറിനു മുമ്പായി ദുരന്ത നിവാരണ പ്ലാനിനു വേണ്ടി ഒരു പ്രത്യേക വകസന സെമിനാർ സംഘടിപ്പിക്കുന്നതിനും സൂചന (4) പ്രകാരം ഉത്തരവായിട്ടുണ്ട്. ഗ്രാമ പഞ്ചായത്തുകൾ തയ്യാറാക്കുന്ന ദുരന്ത നിവാരണ പദ്ധതിയുടെ പകർപ്പ് ബ്ലോക്ക് പഞ്ചായത്തിനും ജില്ലാ പഞ്ചായത്തിനും ലഭ്യമാക്കാനും, അതിൽ ഏറ്റെടുക്കാൻ കഴിയുന്ന പ്രോജക്ട് നിർദ്ദേശങ്ങൾ ബ്ലോക്ക് / ജില്ലാ പഞ്ചായത്തുകളുടെ വാർഷിക പദ്ധതിയുടെ ഭാഗമാക്കേണ്ടതാണെന്നും നിഷ്കർഷിച്ചിരിക്കുന്നു.

3. തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ വാർഷിക പദ്ധതിയോടൊപ്പം ദുരന്ത നിവാരണ പദ്ധതി തയ്യാറാക്കുന്നതിനാവശ്യമായ നടപടിക്രമം സ്പഷ്ടീകരിച്ചുകൊണ്ടുള്ള പ്രവർത്തന മാർഗ്ഗ രേഖ അനുബന്ധമായി ചേർത്ത് അംഗീകരിച്ച് ഉത്തരവാകുന്നു. ഇത് സൂചന (1), (2) എന്നിവയുടെ അധിക മാർഗ്ഗ നിർദ്ദേശം മാത്രമാണ്. സൂചന (1), (2) എന്നിവയിലെ മറ്റെല്ലാ പ്രതിപാദ്യ വിഷയങ്ങൾക്കും പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ശാരദ മുരളീധരൻ ഐ എ എസ്**
**പ്രിൻസിപ്പൽ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ ഡയറക്ടർ
ഗ്രാമ വികസന കമ്മീഷണർ
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
എല്ലാ ജില്ലാ ആസൂത്രണ സമിതി അധ്യക്ഷൻമാർക്കും
ഡയറക്ടർ, കില, തൃശ്ശൂർ
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
കരുതൽ ഫയൽ/ഓഫീസ് കോപ്പി

പകർപ്പ്
ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്

അംഗീകാരത്തോടെ
സെക്ഷൻ ഓഫീസർ

അനുബന്ധം

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ 2020 – 21 വാർഷിക പദ്ധതിക്ക് ഒപ്പം ദുരന്ത നിവാരണ പദ്ധതി തയ്യാറാക്കാനുള്ള പ്രവർത്തന മാർഗ്ഗരേഖ

1. ആമുഖം

സമീപ കാലങ്ങളിൽ കേരളത്തിലുണ്ടായ സമാനതകളില്ലാത്ത അതിവൃഷ്ടിയും പ്രളയവുമുയർത്തിയ ആഘാതങ്ങൾ ഇനിയും മാറിയിട്ടില്ല. മാത്രമല്ല കാലാവസ്ഥാ വ്യതിയാനം മൂലം കേരളത്തിന്റെ പല ഭാഗങ്ങളിലും വരൾച്ചയും കൃഷി നാശവും ശക്തമാകുന്നതായി നാം കാണുന്നു. ഈ സാഹചര്യങ്ങളെ അതിജീവിക്കുന്നതിലും, ഉചിതമായി ഇടപെടുന്നതിനും നമ്മുടെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് വലിയ പങ്കു വഹിക്കാനുണ്ട്.

ദുരന്ത ലഘൂകരണം, തയ്യാറെടുപ്പ്, ദുരന്ത മാനേജ്മെന്റ് എന്നീ മേഖലകളിൽ ജനകീയ പങ്കാളിത്തവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വപരമായ ഇടപെടലും ഉറപ്പാക്കി, പ്രാദേശികമായി ദുരന്ത നിവാരണ പദ്ധതി എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും തയ്യാറാക്കികൊണ്ടിരിക്കുന്നു. ഇതിനു സഹായകരമായ നടപടിക്രമങ്ങളാണ് ഈ മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിരിക്കുന്നത്

2. പൊതു മുൻഗണകളും ലക്ഷ്യങ്ങളും:-

പ്രാദേശിക സാഹചര്യങ്ങൾ കണക്കിലെടുത്ത് ദുരന്ത ലഘൂകരണത്തിനാവശ്യമായ പ്രവർത്തനങ്ങളും പദ്ധതികളും, സംഭവിക്കാൻ സാധ്യതയുള്ള ദുരന്തങ്ങളെ അഭിമുഖീകരിക്കാൻ തക്ക തയ്യാറെടുപ്പുകളും, ദുരന്ത മാനേജ്മെന്റിന് ആവശ്യമായ സംവിധാനങ്ങളും ഉൾക്കൊള്ളുന്ന ദുരന്ത ലഘൂകരണ പദ്ധതി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ജനകീയമായി തയ്യാറാക്കുക എന്നതാണ് പ്രധാന ലക്ഷ്യം.

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ പൊതുമുൻഗണനകളായ ഉത്പാദന മേഖലയുടെ സ്ഥായിയായ വളർച്ച, പരിസ്ഥിതിയുടെയും പ്രകൃതി വിഭവങ്ങളുടെയും സംരക്ഷണം, മാനവിക വികസനം, അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, സേവന പ്രധാന സംവിധാനത്തിന്റെ ഗുണമേന്മ മെച്ചപ്പെടുത്തലും സദ്ഭരണ നിർവഹണവും, സാമൂഹ്യ നീതി ഉറപ്പാക്കൽ, ആസ്തിപരിപാലനം എന്നിവക്കുള്ളിൽനിന്നുകൊണ്ട് പ്രളയമുൾപ്പെടെ കഴിഞ്ഞ കാലങ്ങളിലുണ്ടായ പ്രകൃതി ദുരന്തങ്ങൾ തദ്ദേശ സ്വയം ഭരണ സ്ഥാപന പ്രദേശത്ത് സൃഷ്ടിച്ച ആഘാതം അതിജീവിക്കുന്നതിനും കാലാവസ്ഥാ വ്യതിയാനം ലഘൂകരിക്കുന്നതിനും ഉതകുന്ന പദ്ധതികൾ കൂടി കണ്ടെത്തി ഒരു ദുരന്ത നിവാരണ പദ്ധതി തയ്യാറാക്കുകയാണ് വേണ്ടത്.

3. ദുരന്ത നിവാരണ പദ്ധതി തയ്യാറാക്കേണ്ടതിന്റെ ആവശ്യകതയും പൊതു വ്യവസ്ഥകളും

ദുരന്ത നിവാരണ പദ്ധതി എന്നത് വേറൊരു പദ്ധതിയല്ല. വിവിധ വിഷയ മേഖലകളെ ബാധിച്ച അല്ലെങ്കിൽ ബാധിക്കാൻ സാധ്യതയുള്ള പ്രകൃതി ദുരന്ത – കാലാവസ്ഥാ വ്യതിയാന പ്രശ്നങ്ങളെ അതിജീവിക്കാൻ കഴിയുന്ന തരത്തിൽ വാർഷിക പദ്ധതിയിലെ വികസന പ്രോജക്ടുകൾ തയ്യാറാക്കുകയാണ് വേണ്ടത്. ഇതിനായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാൻ കഴിയുന്നതായ പദ്ധതികളും പ്രവർത്തനങ്ങളും കണ്ടെത്തി പദ്ധതിയിൽ ഉൾക്കൊള്ളിക്കുക എന്നാണ് ഉദ്ദേശിച്ചിട്ടുള്ളത്. അതോടൊപ്പം ദുരന്തസാധ്യത മുന്നിൽ കണ്ട് പ്രവർത്തിക്കുന്നതിനു സഹായകരമായ സംവിധാനങ്ങൾ പരിചയപ്പെടുകയും അടിസ്ഥാന സൗകര്യങ്ങളുടെ നിലവിലുള്ള സ്ഥിതി മനസ്സിലാക്കി ആവശ്യമായ അറ്റകുറ്റ പണികൾക്ക് ശുപാർശ ചെയ്യുകയും വേണം. ദുരന്ത നിവാരണ പദ്ധതി രേഖയിൽ ഗ്രാമ പഞ്ചായത്തുകൾ കണ്ടെത്തുന്ന പദ്ധതി ആശയങ്ങളിൽ ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാൻ കഴിയുന്നവ അതാത് മേൽത്തട്ട് പഞ്ചായത്തുകൾ ഏറ്റെടുക്കണം. ജില്ലാ ദുരന്ത നിവാരണ

അതോറിറ്റിയുടെയുടെയോ, സംസ്ഥാന സർക്കാരിന്റെയോ ശ്രദ്ധപതിയേണ്ടതായ പ്രവർത്തന നിർദ്ദേശങ്ങളും ദുരന്ത നിവാരണ പദ്ധതി രേഖയിൽ ഉണ്ടാകാം.

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് ദുരന്ത നിവാരണ പദ്ധതി തയ്യാറാക്കുന്നതിനു സഹായകരമായ മാർഗ്ഗനിർദ്ദേശങ്ങൾ അടങ്ങിയ ടെമ്പ്ലേറ്റ് സൂചന (6) പ്രകാരം ഉത്തരവായിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ ദുരന്ത നിവാരണ പദ്ധതിയ്ക്ക് രണ്ടു ഭാഗങ്ങളുണ്ട്

1) ദുരന്ത നിവാരണ പദ്ധതി രേഖ :- സ്ഥിതി വിവര കണക്കുകൾ, ദുരന്ത ദുർബലത സ്ഥിതി വിശകലനം, പ്രോജക്റ്റ് ആശയങ്ങൾ എന്നിവ ഉൾപ്പെടുന്ന ദുരന്ത നിവാരണ രേഖ എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും തയ്യാറാക്കണം. സൂചന (6) പ്രകാരം ഉത്തരവായ ഏഴദ്ധ്യായങ്ങളടങ്ങിയ ദുരന്ത നിവാരണ രേഖ ടെമ്പ്ലേറ്റ് ഇതിനു സഹായകരമാകും

2) ദുരന്ത നിവാരണ പ്രോജക്ടുകൾ :- ദുരന്ത പദ്ധതി രേഖയിലെ പ്രോജക്റ്റ് ആശയങ്ങൾക്കനുസരിച്ച് വിവിധ വിഷയ മേഖലയുമായി ബന്ധപ്പെട്ട് ദുരന്ത ലഘൂകരണം, തയ്യാറെടുപ്പുകൾ ദുരന്ത മാനേജ്മെന്റ് , സാമൂഹ്യ ശാക്തീകരണം എന്നിവയ്ക്കായുള്ള പ്രോജക്ടുകൾ കണ്ടെത്തണം

ഓരോ വിഷയ മേഖലയും ചർച്ച ചെയ്യുമ്പോൾ ദുരന്ത ലഘൂകരണം, തയ്യാറെടുപ്പ്, ദുരന്ത മാനേജ്മെന്റ് എന്നീ വിഷയങ്ങൾ കൂടി ചർച്ചാ വിധേയമാക്കണം. പ്രാദേശികമായി ലഭ്യമായ സ്ഥിതി വിവര കണക്കുകൾ ശേഖരിച്ച് പരിശീലനം സിദ്ധിച്ച ലോക്കൽ റിസോഴ്സ് ഗ്രൂപ്പ് (LRG) പഠന പര്യടനവും (ട്രാൻസെക്ട് വാക്ക്) അവസ്ഥാ പഠനവും നടത്തി വിശകലനം ചെയ്ത വിവരങ്ങൾ വർക്കിംഗ് ഗ്രൂപ്പുകൾ ചർച്ച ചെയ്യണം. ജൈവ വൈവിധ്യ മാനെജ്മെന്റ് – കാലാവസ്ഥാ വ്യതിയാന – ദുരന്ത നിവാരണ വർക്കിംഗ് ഗ്രൂപ്പ് പ്രോജക്റ്റ് പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഏകോപന ചുമതല നിർവഹിക്കും.

ഗ്രാമസഭയിൽ നിന്ന് ജനകീയമായി പദ്ധതി ആശയങ്ങൾ ഉയർന്ന് വരുന്നതിനു പ്രാധാന്യം നൽകണം. പ്രദേശത്തെ സമീപ കാല ദുരന്താനുഭവങ്ങളുടെ വെളിച്ചത്തിലാവണം അവസ്ഥാ പഠന വിശകലനവും പദ്ധതി നിർദ്ദേശങ്ങളും ഗ്രാമ സഭകൾ ചർച്ച ചെയ്യേണ്ടത്. ഗ്രാമ സഭ/വാർഡ് സഭ നിർദ്ദേശങ്ങൾ ഉൾപ്പെടെ കരട് ദുരന്ത നിവാരണ പദ്ധതി ദുരന്ത നിവാരണ വർക്കിംഗ് ഗ്രൂപ്പ് തദ്ദേശ സ്വയം ഭരണ സ്ഥാപന ഭരണ സമിതി ചർച്ചയ്ക്ക് വെയ്ക്കണം. ഗ്രാമ സഭ നിശ്ചയിക്കുന്ന മുൻഗണന പ്രകാരം പ്രോജക്റ്റ് തയ്യാറാക്കുന്നതിന് ഈ പ്രോജക്റ്റ് ആശയങ്ങൾ വർക്കിംഗ് ഗ്രൂപ്പുകൾക്ക് കൈമാറണം.

തദ്ദേശ പദ്ധതി ചർച്ച ചെയ്യുന്ന വികസന സെമിനാറിനു മുമ്പായി ദുരന്ത നിവാരണ പദ്ധതി ചർച്ച ചെയ്യുന്നതിന് വിദഗ്ധരെയും, സന്നദ്ധ പ്രവർത്തകരെയും ഉൾപ്പെടുത്തി വിപുലമായ് പ്രത്യേക വികസന സെമിനാർ വിളിച്ചു കൂട്ടണം. ഇവിടെ നിന്ന് വരുന്ന നിർദ്ദേശങ്ങൾ കൂടി പരിഗണിച്ച കൊണ്ടാണ് വർക്കിംഗ് ഗ്രൂപ്പുകൾ ദുരന്ത നിവാരണ പദ്ധതി അന്തിമാമാക്കേണ്ടത്.

വാർഷിക പദ്ധതി ചർച്ചചെയ്യുന്ന സെമിനാറിൽ ദുരന്ത നിവാരണ വർക്കിംഗ് ഗ്രൂപ്പ് ദുരന്ത നിവാരണ പദ്ധതി രേഖ അവതരിപ്പിക്കും. കൂടാതെ വിവിധ വർക്കിംഗ് ഗ്രൂപ്പുകൾ വിഷയ മേഖലയിലെ പദ്ധതി നിർദ്ദേശങ്ങൾക്കൊപ്പം ദുരന്ത നിവാരണ സംബന്ധമായ പദ്ധതികൾ ഗ്രൂപ്പിനുള്ളിൽ ചർച്ചാ വിധേയമാക്കണം. വാർഷിക പദ്ധതിയുടെ സെമിനാറിൽ നിന്ന് വരുന്ന നിർദ്ദേശങ്ങൾ കൂടി പരിഗണിച്ചാണ് അന്തിമ ദുരന്ത നിവാരണ പദ്ധതി ഉൾപ്പെട്ട വാർഷിക പദ്ധതി തദ്ദേശ സ്വയം ഭരണ സമിതിയുടെ അംഗീകാരത്തിനു സമർപ്പിക്കുന്നത്.

ദുരന്ത നിവാരണ പദ്ധതികൾ ഉൾപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതിക്ക് അംഗീകാരത്തിനായി സമർപ്പിക്കേണ്ടതാണ്. ദുരന്ത നിവാരണ പദ്ധതി രേഖയും വാർഷിക പദ്ധതിയോടൊപ്പം സമർപ്പിക്കേണ്ടതാണ്. ജില്ല സാങ്കേതിക സമിതി സൂക്ഷ്മ പരിശോധന നടത്തിയ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ ദുരന്ത നിവാരണ പദ്ധതിയുൾപ്പെട്ട 2020 – 21 ലെ വാർഷിക പദ്ധതിയ്ക്ക് ജില്ലാ ആസൂത്രണ സമിതി അംഗീകാരം നൽകുന്നു. ദുരന്ത നിവാരണ രൂപ രേഖ അന്തിമ അംഗീകാരത്തിനും റിക്കോർഡിനുമായി ജില്ലാ ദുരന്ത നിവാരണ അതോറിറ്റിക്ക് കൈമാറണം.

ഗ്രാമ പഞ്ചായത്തുകൾ കണ്ടെത്തിയ ദുരന്ത നിവാരണ പദ്ധതി പ്രവർത്തനങ്ങളിൽ 2020 – 21 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രോജക്ടുകൾക്ക് ശേഷം ബാക്കി വരുന്ന പ്രോജക്ടുകളിൽ ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്ന പ്രവർത്തനങ്ങൾ മുൻഗണനാ അടിസ്ഥാനത്തിൽ അവരവരുടെ വാർഷിക പദ്ധതിയിൽ ഏറ്റെടുക്കാവുന്നതാണ്. കൂടുതൽ ഫണ്ട് ആവശ്യമുള്ള അല്ലെങ്കിൽ സംസ്ഥാന സർക്കാർ ഏറ്റെടുക്കേണ്ടതോ /ശ്രദ്ധയിൽപ്പെടുത്തേണ്ടതോ ആയ പ്രവർത്തനങ്ങൾ പ്രത്യേകം ലിസ്റ്റ് ചെയ്ത് സർക്കാരിന്റെ പരിഗണനയ്ക്ക് അയയ്ക്കാവുന്നതാണ്.

4. ദുരന്ത നിവാരണ പദ്ധതി ആസൂത്രണ ഘട്ടങ്ങളും നടപടി ക്രമങ്ങളും :-

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ 2020 – 21 വർഷത്തെ പദ്ധതിയോടൊപ്പം ദുരന്ത ലഘൂകരണ പദ്ധതി കൂടി തയ്യാറാക്കി അംഗീകാരം നേടുന്നതിനു ചുവടെ വിവരിക്കുന്ന നടപടിക്രമങ്ങൾ അനുവർത്തിക്കേണ്ടതാണ്.

4.1 ആസൂത്രണ സമിതികളും വർക്കിംഗ് ഗ്രൂപ്പുകളും പുനഃസംഘടിപ്പിക്കൽ

4.1.1 ആസൂത്രണ സമിതികൾ :

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ ആസൂത്രണ സമിതി രൂപീകരിക്കുന്നതിനു നിലവിലുള്ള മാർഗ്ഗരേഖ (വായന (1), (2))നിലനിൽക്കുന്നതാണ്. നിലവിലുള്ള ആസൂത്രണ സമിതിയിൽ ദുരന്ത നിവാരണ – കാലാവസ്ഥാ വ്യതിയാനത്തെ കുറിച്ച് പരിജ്ഞാനമുള്ള ഒരു വിദഗ്ധനെ കൂടി ഉൾപ്പെടുത്താവുന്നതാണ്. 2020 – 21 വർഷത്തെ വാർഷിക പദ്ധതിയോടൊപ്പം ദുരന്ത നിവാരണ പദ്ധതി രൂപം കൊള്ളുന്നു എന്ന് ആസൂത്രണ സമിതി ഉറപ്പാക്കേണ്ടതാണ്. ഗ്രാമ/വാർഡ് സഭകളിലും, ഊരുകൂട്ടങ്ങളിലും, വികസന സെമിനാറുകളിലും ദുരന്ത നിവാരണ പദ്ധതി ഉൾപ്പടെ എല്ലാ പദ്ധതി നിർദ്ദേശങ്ങളും ചർച്ച ചെയ്യുന്നു എന്ന് ഉറപ്പു വരുത്തണം. ദുരന്ത നിവാരണ പദ്ധതി അന്തിമമായാൽ ഓരോ വർക്കിംഗ് ഗ്രൂപ്പിലേയും പദ്ധതി പ്രവർത്തനങ്ങളുടെ സംക്ഷിപ്ത കുറിപ്പ് പ്രോജക്ട് തയ്യാറാക്കുന്നതിലേക്ക് എല്ലാ വർക്കിംഗ് ഗ്രൂപ്പുകൾക്കും ആസൂത്രണ സമിതി കൈമാറേണ്ടാതാണ്.

4.1.2 വർക്കിംഗ് ഗ്രൂപ്പുകൾ :-

എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും ആസൂത്രണ പ്രക്രിയ ആരംഭിക്കുന്നതിനു മുന്നോടിയായി ഓരോ വർഷവും ആവശ്യമെങ്കിൽ വർക്കിംഗ് ഗ്രൂപ്പുകൾ പുനഃസംഘടിപ്പിക്കേണ്ടതാണ്. ജൈവ വൈവിധ്യ കാലാവസ്ഥാ വ്യതിയാന ദുരന്ത നിവാരണ വർക്കിംഗ് ഗ്രൂപ്പ് ദുരന്ത നിവാരണ പദ്ധതി തയ്യാറാക്കുന്നതിന്റെ ഏകോപനം ഉറപ്പു വരുത്തേണ്ടതാണ്. ഓരോ വർക്കിംഗ് ഗ്രൂപ്പിലും അവരവരുടെ വിഷയ മേഖലയുമായി ബന്ധപ്പെട്ട് നേരിട്ട ദുരന്ത ആഘാതം കുറയ്ക്കുന്നതിനും, കാലാവസ്ഥാ വ്യതിയാനത്തെ അതിജീവിക്കുന്നതിനും സംഭവിക്കാവുന്ന ദുരന്തങ്ങളെ നേരിടുന്നതിനും, ഉതകുന്ന പദ്ധതി ആശയങ്ങൾ ചർച്ച ചെയ്യുന്നു എന്ന് ഉറപ്പു വരുത്തേണ്ടത് ദുരന്ത നിവാരണ വർക്കിംഗ് ഗ്രൂപ്പിന്റെ ചുമതലയാണ്.

LRG തയ്യാറാക്കിയ അവസ്ഥാവിശകലനത്തിന്റെയും ദുരന്ത നിവാരണ പദ്ധതി ടെമ്പ്ലേറ്റിന്റെയും അടിസ്ഥാനത്തിൽ ഓരോ വർക്കിംഗ് ഗ്രൂപ്പുകളും LRG യുടെ സഹായത്തോടെ ദുരന്ത നിവാരണ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ട പ്രോജക്ട് ആശയങ്ങൾ തയ്യാറാക്കി ജൈവ വൈവിധ്യ കാലാവസ്ഥാ വ്യതിയാന ദുരന്ത നിവാരണ വർക്കിംഗ് ഗ്രൂപ്പിന് നൽകണം. ഈ പ്രോജക്ട് ആശയങ്ങൾ ടെംപ്ലേറ്റ് ഉൾപ്പെടെ തദ്ദേശ സ്വയംഭരണ സ്ഥാപന ഭരണ സമിതി പരിശോധിക്കുകയും പ്രോജക്ടുകളുടെ മുൻഗണന നിശ്ചയിക്കുകയും ചെയ്യും. അതാത് വർക്കിംഗ് ഗ്രൂപ്പുകൾ ദുരന്ത ലഘൂകരണവും കാലാവസ്ഥാ വ്യതിയാനവും സംബന്ധിച്ച പ്രശ്ന വിശകലനവും പ്രശ്ന പരിഹാര സാധ്യതകളും LRG യുടെ സഹായത്തോടെ അനുബന്ധം ഫോറം 3 A –ൽ എഴുതി തയാറാക്കി ഗ്രാമ / വാർഡ് സഭയിൽ ചർച്ചയ്ക്ക് നൽകേണ്ടതാണ്. തദ്ദേശ സ്വയം ഭരണ സ്ഥാപന കമ്മിറ്റി അംഗീകരിച്ച വിവിധ വിഷയ മേഖലയിൽ ഉൾപ്പെട്ട പദ്ധതി ആശയങ്ങൾ വർക്കിംഗ് ഗ്രൂപ്പുകൾ അനുബന്ധം ഫോറം 6. A –ൽ എഴുതി തയാറാക്കി ദുരന്ത നിവാരണ പദ്ധതി ടെംപ്ലേറ്റടക്കം ഗ്രാമ സഭയിൽ ചർച്ച ചെയ്യും. ഗ്രാമസഭാ നിർദ്ദേശങ്ങൾ ക്രോഡീകരിച്ചുകൊണ്ട് കരട് പദ്ധതി രേഖയും പ്രോജക്ടുകളും തദ്ദേശ സ്വയം ഭരണ സ്ഥാപന ഭരണ സമിതിയിൽ ചർച്ചക്ക് വിധേയമാക്കി പ്രോജക്ടുകളുടെ മുൻഗണന നിശ്ചയിച്ച് കരട് പദ്ധതി രേഖക്ക് അംഗീകാരം നൽകണം.

പ്രസ്തുത പ്രോജക്ട് ആശയങ്ങൾ വർക്കിംഗ് ഗ്രൂപ്പുകൾ പ്രത്യേക വികസന സെമിനാറിൽ അവതരിപ്പിക്കുന്നു. LRG യുടെ സഹായത്തോടെ തയാറാക്കിയ ദുരന്ത നിവാരണ പദ്ധതി രേഖ ടെംപ്ലേറ്റ് ദുരന്ത നിവാരണ വർക്കിംഗ് ഗ്രൂപ്പ് പ്രത്യേക വികസന സെമിനാറിൽ അവതരിപ്പിക്കുകയും, സെമിനാറിലെ നിർദ്ദേശങ്ങൾ തദ്ദേശ സ്വയം ഭരണ സ്ഥാപന ഭരണ സമിതിക്ക് സമർപ്പിക്കയും ചെയ്യുന്നു. വാർഷിക പദ്ധതിക്കുള്ള വികസന സെമിനാറിലും വിവിധ വിഷയ മേഖലയിലെ വർക്കിംഗ് ഗ്രൂപ്പുകൾ അവരുടെ പദ്ധതി ആശയങ്ങൾക്കൊപ്പം ദുരന്ത നിവാരണ പദ്ധതിയിലേക്ക് നിർദ്ദേശിച്ച പ്രോജക്ട് ആശയങ്ങൾ കൂടി വികസന സെമിനാറിൽ അവതരിപ്പിച്ച് ചർച്ച ചെയ്യുന്നു. കൂടാതെ ദുരന്ത നിവാരണ വർക്കിംഗ് ഗ്രൂപ്പ് ദുരന്ത നിവാരണ പദ്ധതി രേഖ ടെംപ്ലേറ്റ് അവരുടെ ഗ്രൂപ്പിൽ അവതരിപ്പിക്കുകയും നിർദ്ദേശങ്ങൾ മനസ്സിലാക്കുകയും ചെയ്യുന്നു. പ്രസ്തുത നിർദ്ദേശങ്ങൾ തദ്ദേശ സ്വയം ഭരണ സ്ഥാപന ഭരണ സമിതി പരിശോധിച്ച് പദ്ധതികൾക്ക് മുൻഗണന നിശ്ചയിച്ച് ദുരന്ത ലഘൂകരണ പദ്ധതി ഉൾപ്പെട്ട വാർഷിക പദ്ധതിക്ക് അന്തിമ അംഗീകാരം നൽകുകയും ചെയ്യുന്നു.

### 4.2 ലോക്കൽ റിസോഴ്സ് ഗ്രൂപ്പിന്റെ രൂപം നല്കലും അവസ്ഥാപഠനം നടത്തലും

ദുരന്ത നിവാരണ പദ്ധതി രൂപീകരണ പ്രവർത്തനങ്ങളിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെ സഹായിക്കാൻ തദ്ദേശ സ്വയം ഭരണ സ്ഥാപന തലത്തിൽ 20 അംഗ ലോക്കൽ റിസോഴ്സ് ഗ്രൂപ്പ് (LRG) രൂപീകരിക്കേണ്ടതാണ്. ഏറ്റവും താഴെ തലം വരെ പ്രാദേശികമായി ലഭിക്കേണ്ട വിവരങ്ങൾ യഥാസമയം ലഭ്യമാക്കുന്നതിന് എല്ലാ വാർഡിലും 20 അംഗ LRG കൂടി ഉണ്ടായിരിക്കുന്നത് അഭികാമ്യമായിരിക്കും. വായന (5) പ്രകാരം ലോക്കൽ റിസോഴ്സ് ഗ്രൂപ്പിന്റെ ചുമതലകളും തിരഞ്ഞെടുപ്പും സംബന്ധിച്ച് ഉത്തരവായിട്ടുണ്ട്. ദുരന്ത നിവാരണ പദ്ധതി ആസൂത്രണത്തിന് സഹായകരമായ ചുവടെ പ്രതിപാദിക്കുന്ന പ്രവർത്തങ്ങൾ LRG നടത്തണം.

4.2.1. തദ്ദേശ സ്വയം ഭരണ സ്ഥാപന ഭരണ സമിതി അദ്ധ്യക്ഷന്റെ നേതൃത്വത്തിൽ ജനപ്രതിനിധികൾ, നിർവ്വഹണ ഉദ്യോഗസ്ഥർ, ആസൂത്രണ സമിതി അംഗങ്ങൾ, വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾ, LRG അംഗങ്ങൾ എന്നിവരെ ചേർത്ത് ഒരു യോഗം വിളിച്ച് തുടർ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യണം. തദ്ദേശ സ്വയം ഭരണ സ്ഥാപന തലത്തിൽ വിവിധ ഓഫീസുകളിൽ നിന്ന് ലഭ്യമാകുന്ന വിവരങ്ങൾ എന്തൊക്കെയെന്നും, ഫീൽഡ് തലത്തിൽ ശേഖരിക്കേണ്ട വിവരങ്ങൾ എന്തൊക്കെ എന്നും മനസ്സിലാക്കണം. ഫോക്കസ് ഗ്രൂപ്പ് ഡിസ്കഷൻ, പഠന പര്യടനം എന്നിവ നടത്തുന്നതിനുള്ള തീയതി

നിശ്ചയിച്ച് സമയ ബന്ധിതമായി ഗ്രാമസഭകൾക്ക് മുൻപ് ആവശ്യമായ വിവിരങ്ങൾ ശേഖരിച്ച് അവസ്ഥാ പഠനം നടത്തി പദ്ധതി ആശയങ്ങൾ കണ്ടെത്തുന്നതിനും, ദുരന്ത നിവാരണ പദ്ധതി രേഖ ടെംപ്ലേറ്റും തയ്യാറാക്കി LRG ദുരന്ത നിവാരണ വർക്കിംഗ് ഗ്രൂപ്പിനെ ഏൽപ്പിക്കണം. വാർഷിക പദ്ധതി തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് സമയ പരിമിതി കാരണം ദുരന്ത നിവാരണ പദ്ധതി രേഖ ടെംപ്ലേറ്റിലെ പൂർണ്ണമായ വിവരങ്ങൾ ശേഖരിക്കാൻ സാധിച്ചില്ലെങ്കിൽ ആയവ ലഭ്യമാകുന്ന മുറയ്ക്ക് ദുരന്ത നിവാരണ പദ്ധതി രേഖയിൽ തദ്ദേശ സ്വയം ഭരണ സ്ഥാപന സമിതിയുടെ അംഗീകാരത്തോടെ ചേർക്കാവുന്നതാണ്.

4.2.2 ദുരന്ത നിവാരണ പദ്ധതിയുമായി ബന്ധപ്പെട്ട് വിവര ശേഖരണത്തിന് തയ്യാറാക്കിയിട്ടുള്ള ഫോർമാറ്റുകളും ടെമ്പ്ലേറ്റും ഉപയോഗിച്ച് വാർഡ് തല LRG അംഗങ്ങളുടെ സഹായത്തോടെ യഥാർത്ഥ വിവരങ്ങൾ ലഭ്യമാകുന്നു എന്ന് തദ്ദേശ സ്വയം ഭരണ സ്ഥാപന തല LRG ഉറപ്പ് വരുത്തണം.

4.2.3 മുൻസിപ്പൽ കോർപ്പറേഷനുകളിൽ രൂപീകരിക്കുന്ന 20 അംഗ LRG കൾ മുൻസിപ്പൽ കോർപറേഷനിലെ കുറച്ച് വാർഡുകൾ ചേർന്ന് വരുന്ന സോണൽ തലത്തിൽ രണ്ടിൽ കൂടുതൽ അംഗങ്ങളുള്ള ഗ്രൂപ്പുകളായി തിരിഞ്ഞ് വിവര ശേഖരണ ചുമതല ഏറ്റെടുക്കേണ്ടതാണ്. ഈ ഗ്രൂപ്പുകൾ സോണൽ വാർഡുകളിൽ നിന്ന് വാർഡ് തല LRG കളുടെ സഹായത്തോടെ ശേഖരിക്കുന്ന വിവരങ്ങൾ ആദ്യം സോണൽ തലത്തിൽ ക്രോഡീകരിക്കേണ്ടതാണ്. ഇത് മുൻസിപ്പൽ കോർപറേഷൻ തലത്തിൽ വിവരങ്ങൾ എളുപ്പത്തിൽ ക്രോഡീകരിക്കുന്നതിന് സഹായകരമാകും.

4. 3 ഗ്രാമ/വാർഡ് സഭകൾ /ഊരുകൂട്ടങ്ങൾ യോഗം ചേരൽ

4.3.1 ഗ്രാമ/വാർഡ് സഭകൾ /ഊരുകൂട്ടങ്ങൾ യോഗങ്ങൾ

ഗ്രാമ സഭ / വാർഡ് സഭ / ഊരുകൂട്ടങ്ങൾ യോഗം ചേർന്ന് വാർഷിക പദ്ധതി ആശയങ്ങളോടൊപ്പം ദുരന്ത നിവാരണ പദ്ധതിയിലേക്ക് വിവിധ വർക്കിംഗ് ഗ്രൂപ്പുകൾ നിർദ്ദേശിക്കാൻ ഉദ്ദേശിക്കുന്ന പ്രോജക്ട് ആശയങ്ങൾ (അനുബന്ധ ഫോറം 6 A ൽ തയ്യാറാക്കിയത്) ചർച്ചാ വിധേയമാക്കണം. വർക്കിംഗ് ഗ്രൂപ്പുകൾ കണ്ടെത്തിയതിൽ കൂടുതൽ എന്തെങ്കിലും പദ്ധതി നിർദ്ദേശങ്ങൾ ഗ്രാമ സഭയ്ക്ക് നല്കാനുണ്ടെങ്കിൽ അവ കൂട്ടിച്ചേർക്കാവുന്നതാണ്. കൂടാതെ ദുരന്ത നിവാരണ വർക്കിംഗ് ഗ്രൂപ്പ് LRG യുടെ സഹായത്തോടെ തയ്യാറാക്കിയ ദുരന്ത നിവാരണ ടെമ്പ്ലേറ്റ് അവതരിപ്പിക്കുകയും, ഗ്രാമസഭ നിർദ്ദേശങ്ങൾ കണക്കിലെടുത്ത് പരിഷ്കരിക്കുകയും ചെയ്യുന്നു. അതോടൊപ്പം പ്രസ്തുത ഗ്രാമ സഭ / വാർഡ് സഭ / ഊരുകൂട്ടങ്ങൾ തന്നെ പ്രോജക്ടുകളുടെ മുൻഗണന നിശ്ചയിക്കുന്നതാണ്. ഗ്രാമ സഭ നിർദ്ദേശങ്ങൾ പഞ്ചായത്ത് കമ്മിറ്റിയിൽ പരിശോധനയ്ക്കും തീരുമാനത്തിനുമായി സമർപ്പിക്കുന്നു

4.3.2 ബ്ലോക്ക് – ജില്ലാ പഞ്ചായത്തുകളിൽ ഗ്രാമ സഭയ്ക്ക് സമാനമായ യോഗങ്ങൾ

ഗ്രാമ സഭയ്ക്ക് സമാനമായ യോഗങ്ങൾ ബ്ലോക്ക് – ജില്ലാ പഞ്ചായത്തുകൾ ചേരുമ്പോൾ ദുരന്ത നിവാരണ പദ്ധതിക്കായി ഗ്രാമ പഞ്ചായത്തുകൾ സമർപ്പിച്ച പദ്ധതി നിർദ്ദേശങ്ങൾ ചർച്ചാ വിധേയമാക്കുകയും ബ്ലോക്ക് - ജില്ലാ പഞ്ചായത്ത് തലങ്ങളിൽ ഏറ്റെടുക്കാവുന്ന ദുരന്ത നിവാരണ പദ്ധതി പ്രവർത്തനങ്ങൾ ഏറ്റെടുക്കേണ്ടതുമാണ്.

4.4 പ്രത്യേക വികസന സെമിനാറും കരട് ദുരന്ത നിവാരണ പദ്ധതി രേഖയും

ഗ്രാമ/വാർഡ് സഭാ യോഗങ്ങൾക്ക് ശേഷം ജൈവ വൈവിധ്യ –കാലാവസ്ഥാ വ്യതിയാന ദുരന്ത ലഘൂകരണ വർക്കിംഗ് ഗ്രൂപ്പ് യോഗം ചേർന്ന് ഗ്രാമ സഭാ /ഊരുകൂട്ട നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് തദ്ദേശ സ്വയം ഭരണ സ്ഥാപന ഭരണ സമിതിക്ക് സമർപ്പിക്കണം. ഭരണ സമിതി ഗ്രാമ/വാർഡ് സഭകളുടെ /ഊരുകൂട്ടങ്ങളുടെ മുൻഗണനകൾ പരിഗണിച്ചുകൊണ്ടും വിഭവ

ലഭ്യതക്കനുസരിച്ചും ദുരന്ത നിവാരണ വർക്കിംഗ് ഗ്രൂപ്പ് അവസ്ഥാ പഠന റിപ്പോർട്ടും ദുരന്ത നിവാരണ പദ്ധതിയും തയ്യാറാക്കി പ്രത്യേക വികസന സെമിനാറിൽ അവതരിപ്പിക്കേണ്ടതാണ്.

വികസന സെമിനാറിനു മുൻപേ LRG അംഗങ്ങളും, വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളും ആസൂത്രണ സമിതി അംഗങ്ങളും കൂടിയിരുന്ന് വികസന സെമിനാറിൽ അവതരിപ്പിക്കാനുള്ള അനുബന്ധം (3-A) (6-A) ഫോറങ്ങൾ അന്തിമമാക്കേണ്ടതാണ്. അവസ്ഥാ വിശകലന റിപ്പോർട്ടും, ദുരന്ത നിവാരണ പദ്ധതി ടെംപ്ലേറ്റും പ്രത്യേക വികസന സെമിനാറിൽ ചർച്ച ചെയ്യേണ്ടതാണ്. വികസന സെമിനാറിലെ ചർച്ചയിൽ നിന്നും ലഭിക്കുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് അവസ്ഥാ വിശകലന റിപ്പോർട്ടും ദുരന്ത നിവാരണ പദ്ധതി ടെംപ്ലേറ്റും LRG - യുടെ സഹായത്തോടെ ദുരന്ത നിവാരണ വർക്കിംഗ് ഗ്രൂപ്പ് അന്തിമമാക്കേണ്ടതാണ്.

### 4.4 ദുരന്ത നിവാരണ പദ്ധതിക്ക് അന്തിമരൂപം നൽകൽ

വികസന സെമിനാറിൽ പങ്കെടുക്കുന്ന വിദഗ്ധരുടെ അഭിപ്രായം കൂടി പരിഗണിച്ച് LRG - യുടെ സഹായത്തോടെ ദുരന്ത നിവാരണ പദ്ധതി അന്തിമാമാക്കേണ്ടത് ദുരന്ത നിവാരണ വർക്കിംഗ് ഗ്രൂപ്പാണ്. LRG - യുടെ സഹായത്തോടെ തയ്യാറാക്കിയ ദുരന്ത നിവാരണ പദ്ധതി രേഖ ടെമ്പ്ലേറ്റ്, അവസ്ഥാ പഠന റിപ്പോട്ടും തദ്ദേശ സ്വയം ഭരണ സ്ഥാപനം ചർച്ചാ വിധേയമാക്കുന്നു. ആവശ്യമായ കൂട്ടിച്ചേർക്കലും ഒഴിവാക്കലും സംബന്ധിച്ച റിപ്പോർട്ടും ഭരണ സമിതി പരിശോധനയ്ക്ക് വിധേയമാക്കുകയും അന്തിമ ദുരന്ത ലഘൂകരണ പ്രോജക്ട് ടെമ്പ്ലേറ്റ് തയ്യാറാക്കുകയും ചെയ്യുന്നു.

### 4.5 വാർഷിക പദ്ധതിയുമായുള്ള സംയോജനം

ദുരന്ത നിവാരണ പദ്ധതി വേറൊരു പദ്ധതിയല്ല, നിലവിൽ തയ്യാറാക്കപ്പെട്ട വാർഷിക പദ്ധതിയുടെ ഭാഗം തന്നെയാണ്. ദുരന്ത നിവാരണ പദ്ധതിയിൽ വിവിധ വിഷയ മേഖലകളിൽ വരുന്ന പ്രോജക്ടുകൾ അതാത് വിഷയ മേഖലയുടെ പ്രോജക്ടുകൾ തന്നെ ആയാണ് നടപ്പിലാക്കേണ്ടത്. ആയതുകൊണ്ട് വാർഷിക പദ്ധതിയിൽ അതാത് വിഷയ മേഖല പ്രോജക്ടുകൾക്കൊപ്പം ദുരന്ത ലഘൂകരണ പദ്ധതി പ്രോജക്ടുകളും ഉൾപ്പെടുത്തണം. അവ നടപ്പിലാക്കുന്നതും അതാത് വിഷയ മേഖലയിലെ നിർവ്വഹണ ഉദ്യോഗസ്ഥർ തന്നെയാണ്. ആയതിനാൽ വാർഷിക പദ്ധതിയും ദുരന്ത നിവാരണ പദ്ധതിയും സംയോജിപ്പിക്കണം. വാർഷിക പദ്ധതിക്കുള്ള വികസന സെമിനാറിലും വിവിധ വിഷയ മേഖലയിലെ വർക്കിംഗ് ഗ്രൂപ്പുകൾ അവരുടെ പദ്ധതി ആശയങ്ങൾക്കൊപ്പം ദുരന്ത നിവാരണ പദ്ധതിയിലേക്ക് നിർദ്ദേശിച്ച പ്രോജക്ട് ആശയങ്ങൾ കൂടി വികസന സെമിനാറിൽ അവതരിപ്പിച്ച് ചർച്ച ചെയ്യുന്നു. കൂടാതെ ദുരന്ത നിവാരണ വർക്കിംഗ് ഗ്രൂപ്പ് ദുരന്ത നിവാരണ പദ്ധതി രേഖ ടെംപ്ലേറ്റ് അവരുടെ ഗ്രൂപ്പിൽ അവതരിപ്പിച്ച് നിർദ്ദേശങ്ങൾ മനസ്സിലാക്കുന്നു. പ്രസ്തുത നിർദ്ദേശങ്ങൾ തദ്ദേശ സ്വയം ഭരണ സ്ഥാപന ഭരണ സമിതി പരിശോധിച്ച് പദ്ധതികൾക്ക് മുൻഗണന നിശ്ചയിക്കുന്നു.

### 4.6 ദുരന്ത നിവാരണ പദ്ധതി ഉൾപ്പെടെ വാർഷിക പദ്ധതിക്ക് ഭരണ സമിതി അംഗീകാരം

തദ്ദേശ സ്വയം ഭരണ സ്ഥാപന തല ദുരന്ത നിവാരണ പദ്ധതി ഉൾപ്പെട്ട വാർഷിക പദ്ധതി തദ്ദേശ സ്വയം ഭരണ സമിതി ചർച്ചാ വിധേയമാക്കുകയും അംഗീകാരം നൽകുകയും ചെയ്യുന്നു. ദുരന്ത നിവാരണ പദ്ധതിയുൾപ്പെടെ പദ്ധതി രേഖ ഭരണ സമിതി ജില്ലാ ആസൂത്രണ സമിതിയുടെ പരിഗണനയ്ക്ക് അയക്കുന്നു.

### 4.7 വാർഷിക പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതി അംഗീകാരം

ദുരന്ത നിവാരണ പദ്ധതികൾ ഉൾപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതിക്ക് അംഗീകാരത്തിനായി സമർപ്പിക്കേണ്ടതാണ്. ജില്ല സാങ്കേതിക സമിതി സൂക്ഷ്മ പരിശോധന നടത്തിയ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ ദുരന്ത നിവാരണ പദ്ധതി ഉൾപ്പെട്ട വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതി അംഗീകാരം നൽകുന്നു.

അതിനുശേഷം ദുരന്ത നിവാരണ പദ്ധതി അന്തിമ അംഗീകാരത്തിനും റിക്കോർഡിനുമായി ജില്ലാ ദുരന്ത നിവാരണ അതോറിറ്റിക്ക് കൈമാറുന്നു.

അനുബന്ധം 1

ഫോറം 3 . A

ദുരന്ത നിവാരണ പദ്ധതി

വാർഷിക പദ്ധതി 2020 – 21

പ്രശ്ന വിശകലനവും പ്രശ്ന പരിഹാര സാധ്യതകളും

തദ്ദേശ സ്ഥാപനത്തിന്റെ പേര്:........................................................................................................................

വർക്കിംഗ് ഗ്രൂപ്പിന്റെ പേര്:........................................................................................................................

| ക്രമ നമ്പർ | പ്രശ്നങ്ങൾ | പ്രശ്ന ബാധിത പ്രദേശം, വിഭാഗം | പ്രശ്നത്തിന്റെ തീവ്രത | | | പ്രശ്നത്തിനുള്ള കാരണങ്ങൾ / വെല്ലുവിളികൾ | പ്രശ്നത്തിനുള്ള കാരണങ്ങൾ/വെല്ലുവിളികൾ പരിഹരിക്കുന്നതിന് നിലവിലെ സാധ്യത പരിഗണിച്ചാൽ ഏറ്റെടുക്കാൻ കഴിയുന്ന / ഏറ്റെടുക്കേണ്ടതായ പ്രവർത്തനങ്ങൾ എന്തെല്ലാം? ** | | | |
|---|---|---|---|---|---|---|---|---|---|---|
| | | | ലഘുതരം | ഗുരുതരം | അതീവ ഗുരുതരം | | ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനത്തിൽ | മുകൾ തട്ട് പഞ്ചായത്ത് തലത്തിൽ | സർക്കാർ തലത്തിൽ | ദുരന്ത നിവാരണ അതോറിറ്റി തലത്തിൽ |
| | | | | | | | | | | |
| | | | | | | | | | | |
| | | | | | | | | | | |
| | | | | | | | | | | |
| | | | | | | | | | | |

** തദ്ദേശ ഭരണ സ്ഥാപനത്തിന്റെ അധികാരങ്ങൾ, ചുമതലകൾ, പദ്ധതി രൂപീകരണ മാർഗനിർദ്ദേശങ്ങൾ എന്നിവയും സാങ്കേതിക ക്ഷമത, സാമ്പത്തിക ക്ഷമത, വിജയ സാധ്യത, പ്രായോഗികത, പൊതുപണം വിനിയോഗിക്കുന്നതിലെ സാമൂഹ്യ പ്രസക്തി എന്നിവയും കണക്കിലെടുത്തുകൊണ്ടായിരിക്കണം സാധ്യതകൾ പരിഗണിക്കേണ്ടത്. പ്രദേശ വാസികൾക്ക് സന്നദ്ധ പ്രവർത്തനം വഴി ഏറ്റെടുക്കാവുന്ന പ്രവർത്തനങ്ങൾ പരിഗണിക്കണം.

സ്ഥലം:

തീയതി:

ഒപ്പ്:

പേര്

.......................................കൺവീനർ

അനുബന്ധം 2 .

ഫോറം 6. A

ദുരന്ത നിവാരണ പദ്ധതി

വാർഷിക പദ്ധതി 2020 – 21

ഗ്രാമസഭാ യോഗത്തിൽ അവതരിപ്പിക്കുന്നതിന് നിർദ്ദേശിക്കുന്ന അടുത്ത വർഷത്തേക്കുള്ള ദുരന്ത നിവാരണ പ്രോജക്ടുകൾ

തദ്ദേശ സ്ഥാപനത്തിന്റെ പേര്:..........................................................................................

വർക്കിംഗ് ഗ്രൂപ്പിന്റെ പേര്:..........................................................................................

| ക്രമ നമ്പർ | നിർദ്ദേശിക്കുന്ന പ്രോജക്ടിന്റെ പേര് | ലക്ഷ്യങ്ങൾ എന്തെല്ലാം? | ഗുണഭോക്തൃ വിഭാഗം, | ഗുണ ഭോക്താ ക്കളുടെ എണ്ണം | ഗുണഭോക്തൃ പ്രദേശം | പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാം? എത്ര അളവിൽ | വികസന ഫണ്ട് | മെയിന്റനൻസ് ഫണ്ട് (റോഡ്) | മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | തനത് ഫണ്ട് | കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം (വിശദമാക്കണം) | സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം (വിശദമാക്കണം) | വായ്പ | ഗുണഭോക്തൃ വിഹിതം | മറ്റുള്ളവ (വിശദമാക്കുക) | ആകെ അടങ്കൽ തുക (രൂപയിൽ) |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) | (10) | (11) | (12) | (13) | (14) | (15) | (16) | (17) |
| | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | |

സ്ഥലം:
തീയതി:

ഒപ്പ്:
പേര്
..........................................കൺവീനർ

1. ഗുണഭോക്താക്കളുടെ എണ്ണം അവർ ഏത് വിഭാഗത്തിലുള്ളവർ അല്ലെങ്കിൽ ഏത് പ്രദേശത്തിലുള്ളവർ എന്ന് എഴുതണം
2. എന്തെല്ലാം പ്രവർത്തനങ്ങൾ എന്നും അവ എത്ര അളവിൽ എന്നും എഴുതണം. ബാധകമായ സംഗതികൾ ഇവിടെ എന്നും എഴുതണം. ഒന്നിലധികം പ്രദേശങ്ങളിൽ നടത്തേണ്ട നിർമ്മാണ പ്രവൃത്തികൾ കൂട്ടിച്ചേർത്ത് ഒറ്റ പ്രോജക്ടായി നിർദ്ദേശിക്കാൻ പാടില്ല.